**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6883** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഭവനനിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള സ്ഥലം ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചങ്ങനാശേരി മണ്ഡലത്തിൽ ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള സ്ഥലത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബോർഡ് ആസൂത്രണം ചെയ്ത് വരികയാണ്. |
| (ബി) | പ്രസ്തുത സ്ഥലത്ത് സിവിൽ സപ്ലൈസ് വകുപ്പിനായി ഗോഡൗൺ നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സിവിൽ സപ്ലൈസ് വകുപ്പിനായി ഗോഡൗൺ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക ചർച്ചകൾ നടന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ